# മത്തായിയുടെ സുവിശേഷത്തിന്റെ

# ജീവ-പഠനം

### ദൂത് ഒന്ന്

## രാജാവിന്റെ പൂർവികരും പദവിയും

## (1)

### ഒരു ആമുഖ വാക്ക്

Sat [redacted]. വേദപുസ്തകം ദൈവത്തിന്റെ സംസാരമാണ്. അതിന് രണ്ടു ഭാഗങ്ങളുണ്ട്. ഒന്നാമത്തെ ഭാഗമായ പഴയനിയമത്തിൽ ദൈവം പ്രവാചകന്മാരാൽ സംസാരിക്കുകയും, രണ്ടാം ഭാഗമായ പുതിയനിയമത്തിൽ അവൻ പുത്രനിൽ (പുത്രനെന്ന വ്യക്തിയിൽ, എബ്രാ. 1:1-2) സംസാരിക്കുകയും ചെയ്തു. നാലു സുവിശേഷങ്ങളും, പ്രവൃത്തികളുടെ പുസ്തകവും, ലേഖനങ്ങളും, വെളിപ്പാടുപുസ്തകവും ചേരുന്നതാണ് ഈ ഭാഗം. അവൻ ജഡത്തിൽ ആയിരുന്നപ്പോൾ പുത്രൻ നാലു സുവിശേഷങ്ങളിൽ സംസാരിക്കുവാൻ ആരംഭിച്ചു. അവന്റെ പുനരുത്ഥാനത്തിനുശേഷം ആത്മാവെന്ന നിലയിൽ അപ്പൊസ്തലന്മാരിലൂടെ സംസാരിക്കുന്നത് അവൻ തുടർന്നു കൊണ്ടിരുന്നു (യോഹ. 16:12-14 കാണുക). അങ്ങനെ, നാം സഭ എന്ന അവന്റെ ആവിഷ്കാരമായ അവന്റെ ശരീരമായിത്തീരേണ്ടതിന് അവനെത്തന്നെ ജീവനും സകലവുമായി ശുശ്രൂഷിക്കുന്ന നമ്മോടുള്ള പുത്രന്റെ സംസാരമാണ് പുതിയനിയമം.

വേദപുസ്തകം ജീവന്റെ പുസ്തകമാണ്. ഈ ജീവൻ ക്രിസ്തു എന്ന ജീവിക്കുന്ന ഒരു വ്യക്തിയല്ലാതെ മറ്റൊന്നുമല്ല. പഴയനിയമത്തിൽ ക്രിസ്തുവിനെ വരുന്നവനായ ഒരുവനെന്ന നിലയിൽ ചിത്രീകരിച്ചു. പുതിയനിയമത്തിൽ വരുന്നതായി മുൻകൂട്ടി പറയപ്പെട്ടവൻ വന്നിരിക്കുന്നു. അങ്ങനെ, പുതിയനിയമം പഴയനിയമത്തിന്റെ നിറവേറലാണ്. പുതിയനിയമം പഴയനിയമത്തിൽ ഉള്ളടങ്ങിയിരിക്കുന്നുവെന്നും, പഴയനിയമം പുതിയതിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നുവെന്നും സെന്റ് അഗസ്റ്റിൻ ഒരിക്കൽ പറഞ്ഞു. നമ്മുടെ ജീവനായി ഏക വ്യക്തിയെ വെളിപ്പെടുത്തുന്ന ഈ രണ്ടു നിയമങ്ങളും വാസ്തവത്തിൽ ഒന്നാണ്.

## പുതിയനിയമത്തിന്റെ ആരംഭവാക്ക്

മിക്കവാറും എല്ലാ ക്രിസ്ത്യാനികളും പുതിയനിയമത്തിന്റെ ആദ്യത്തെ താളിനാൽ അലട്ടപ്പെടുന്നു. ഉച്ചരിക്കുവാൻ പ്രയാസമുള്ള നിരവധി പേരുകൾ അതിലുണ്ട്. എന്നാൽ ഈ താളാണ് പുതിയനിയമത്തിന്റെ ഒന്നാമത്തെ ഭാഗം. ഏതൊരു എഴുത്തിലും ആമുഖ വാക്കും ഉപസംഹാര വാക്കും പ്രധാനമാണ്. അനേകം ക്രിസ്ത്യാനികളും പുതിയനിയമത്തിലേക്കു വരുമ്പോൾ മത്തായി ഒന്നാം അധ്യായത്തിലെ ഒന്നാമത്തെ ഭാഗം വിട്ടുകളഞ്ഞുകൊണ്ട് വാക്യം 18 മുതൽ വായിച്ചുതുടങ്ങുന്നു. അവരുടെ വേദപുസ്തകത്തിൽ മത്തായി 1:1 മുതൽ 17 വരെയുള്ള ഭാഗങ്ങളുടെ ഖണ്ഡിക ഇല്ലെന്നു തോന്നുന്നു. എന്നാൽ വചനത്തിലെ ഈ സമ്പന്ന ഭാഗത്തിനായി ദൈവത്തിനു സ്തോത്രം! ക്രിസ്തുവിന്റെ ഈ വംശാവലി മുഴുവൻ പഴയനിയമത്തിന്റെയും ഒരു സംഗ്രഹമാണ്. ഇതിൽ ഉല്പത്തിയിലെ ആദ്യത്തെ പത്തര അധ്യായങ്ങളൊഴികെയുള്ള സകലവും ഉൾപ്പെടുന്നു. ഈ വംശാവലിയുടെ അർഥം നാം അറിയണമെങ്കിൽ പഴയനിയമം മുഴുവനും നാം അറിയേണ്ടതാവശ്യമാണ്.

## ക്രിസ്തുവിന്റെ ജീവനുള്ള ചിത്രം

പുതിയനിയമത്തെ സംബന്ധിച്ച് ഞങ്ങൾ ഒരു വാക്കു പറയേണ്ടതാവശ്യമാണ്. പുതിയനിയമം ഒരു വ്യക്തിയുടെ ജീവനുള്ള ചിത്രമാണ്. ഈ വ്യക്തി വളരെ അത്ഭുതവാനാണ്. അവൻ ദൈവവും മനുഷ്യനും ആണ്. അവൻ മനുഷ്യനുമായുള്ള ദൈവത്തിന്റെ ഇഴുകിച്ചേരലാണ്, കാരണം അവനിൽ ദിവ്യപ്രകൃതവും മനുഷ്യപ്രകൃതവും ഇഴുകിച്ചേർന്നിരിക്കുന്നു. അവൻ രാജാവാണ്, അവൻ അടിമയുമാണ്. അവൻ അത്ഭുതവാനാണ്!

അവൻ സംസാരിച്ചതുപോലെ വളരെ അഗാധവും എന്നാൽ വളരെ വ്യക്തവുമായ വാക്കുകൾ ഒരു മനുഷ്യനും ഒരിക്കലും സംസാരിച്ചിട്ടില്ല. ഉദാഹരണത്തിന്, "ഞാൻ ജീവന്റെ അപ്പം ആകുന്നു" (യോഹ. 6:35) എന്നും "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു" (യോഹ. 8:12) എന്നും യേശു പറഞ്ഞു. പ്ലാറ്റോയും കൺഫ്യൂഷിയസും ശ്രേഷ്ഠന്മാരായ രണ്ട് തത്ത്വചിന്തകന്മാരായിരുന്നു; അവർ പറഞ്ഞ കാര്യങ്ങളെ ജനം വിലമതിക്കുകയും ചെയ്തിരുന്നു. എന്നാൽ അവർക്കാർക്കും "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു" എന്നു പറയുവാൻ കഴിഞ്ഞില്ല. "ഞാൻ ജീവനാകുന്നു" എന്നോ, "ഞാൻ വഴിയാകുന്നു" എന്നോ, "ഞാൻ യാഥാർഥ്യമാകുന്നു" (യോഹ. 14:6) എന്നോ ആർക്കും പറയുവാൻ കഴിഞ്ഞില്ല. "ഞാൻ ആകുന്നു," "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു," "ഞാൻ ആകുന്നത് ഞാൻ ആകുന്നു" ഇതെല്ലാം

വളരെ ലളിതമായ വാക്കുകളും ചെറിയ വാചകങ്ങളുമാണ്, എങ്കിലും അവ ശ്രേഷ്ഠവും അഗാധവുമാണ്. നാം ലോകത്തിന്റെ വെളിച്ചമാണെന്നോ നാം ജീവനാണെന്നോ നമുക്കാർക്കെങ്കിലും പറയുവാൻ കഴിയുമോ? നാം അങ്ങനെ പറഞ്ഞുവെങ്കിൽ, നമ്മെ തീർച്ചയായും ഒരു ഭ്രാന്താശുപത്രിയിലേക്കയയ്ക്കും. എന്നാൽ യേശുവിന് ഈ കാര്യങ്ങൾ പറയുവാൻ കഴിഞ്ഞു. അവൻ എത്ര ശ്രേഷ്ഠനാകുന്നു!

## ഒരു വ്യക്തിയുടെ നാലു ജീവചരിത്രങ്ങൾ

യേശു സർവവും-ഉൾക്കൊള്ളുന്നവനാണ്. അവനോടുള്ള ബന്ധത്തിൽ നിരവധി വശങ്ങളുണ്ട്. അവൻ ആരാണെന്നും എന്താണെന്നും പറയുവാൻ ഭാഷയെ പൂർണ്ണമായി ഉപയോഗിക്കുവാൻ ആർക്കും കഴിയില്ല. ചരിത്രത്തിൽ മറ്റാർക്കാണ് തന്നെക്കുറിച്ച് നാല് നിസ്തുല ജീവചരിത്രങ്ങൾ എഴുതപ്പെട്ടിട്ടുള്ളത്? പുതിയനിയമം ഒരു ചെറിയ പുസ്തകമാണെങ്കിലും, അത് ഒരു വ്യക്തിയുടെ നാല് ജീവചരിത്രങ്ങളോടുകൂടെ, ക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ച് നമ്മോടു പറയുന്ന നാലു പുസ്തകങ്ങളോടുകൂടെ ആരംഭിക്കുന്നു.

നമുക്കെല്ലാവർക്കും നാലു വശങ്ങളുണ്ട്: മുമ്പും, പിമ്പും, വലത്തും, ഇടത്തും. നിങ്ങൾ മുമ്പിൽനിന്നും എന്നെ നോക്കുന്നുവെങ്കിൽ, എന്റെ മുഖത്തിലുള്ള ഏഴു ദ്വാരങ്ങൾ നിങ്ങൾക്ക് കാണുവാൻ കഴിയും. എന്നാൽ എന്റെ പുറം നിങ്ങളിലേക്കു തിരിക്കുന്നുവെങ്കിൽ എല്ലാ ദ്വാരങ്ങളും അപ്രത്യക്ഷമാകുന്നു. എന്റെ വലതുവശത്ത് നിങ്ങൾക്ക് ഒരു ചെറിയ ദ്വാരവും, എന്റെ ഇടതുവശത്ത് മറ്റൊരു ചെറിയ ദ്വാരവും കാണുവാൻ കഴിയും. എന്റെ രൂപത്തിന്റെ കൃത്യമായ ഒരു പകർപ്പ് നിങ്ങൾക്ക് ഉണ്ടാക്കണമെങ്കിൽ ഓരോ വശത്തിന്റെയും ഒരു ചിത്രം നിങ്ങൾ എടുക്കണം. ഇതാണ് കൃത്യമായും പുതിയനിയമത്തിൽ ചെയ്തിരിക്കുന്നത്.

എന്തുകൊണ്ടാണ് നമുക്ക് നാലു സുവിശേഷങ്ങളുള്ളത്? ക്രിസ്തുവിന് കുറഞ്ഞപക്ഷം മുഖ്യമായ നാലു വശങ്ങൾ ഉള്ളതുകൊണ്ടാകുന്നു അത്. ക്രിസ്തു ശ്രേഷ്ഠനാണ്! അവൻ സർവവും-ഉൾക്കൊള്ളുന്നനും അപ്രമേയമായി സമ്പന്നനും ആയതുകൊണ്ട് അവന് നിരവധി ജീവചരിത്രങ്ങൾ ആവശ്യമാണ്. ഓരോ എഴുത്തുകാരനും വ്യത്യസ്ത തരത്തിലുള്ള വ്യക്തിയായിരുന്നതുകൊണ്ട് മത്തായിയും, മർക്കൊസും, ലൂക്കൊസും, യോഹന്നാനും ക്രിസ്തുവിന്റെ വ്യത്യസ്ത വശങ്ങൾ അവതരിപ്പിക്കുന്നു. ഉദാഹരണത്തിന് മത്തായി ഒരു ചുങ്കക്കാരനായിരുന്നു. പുരാതന കാലങ്ങളിൽ യെഹൂദ ജനത്തിനിടയിൽ ചുങ്കക്കാരൻ നിന്ദിക്കപ്പെട്ട ഒരു വ്യക്തിയായിരുന്നു. എന്നിരുന്നാലും, മത്തായി

ക്രിസ്തുവിന്റെ ഒന്നാമത്തെ ജീവചരിത്രം എഴുതി. മർക്കൊസ് ഒരു സാധാരണ മനുഷ്യനും, ലൂക്കൊസ് ഒരു വൈദ്യനും ഒരു ജാതീയനും ആയിരുന്നു. ആരംഭത്തിൽ യോഹന്നാൻ ഒരു സാധാരണക്കാരനായ മീൻപിടിത്തക്കാരനായിരുന്നെങ്കിലും, ഒടുവിൽ അവൻ വളരെ പ്രായംചെന്ന, അനുഭവസമ്പത്തുള്ള അപ്പൊസ്തലൻ ആയിത്തീർന്നു. ഓരോരുത്തരും ഒരേ ക്രിസ്തുവിനെക്കുറിച്ച് വ്യത്യസ്തമായ ഒരു ജീവചരിത്രം എഴുതി. ഈ ജീവനുള്ള വ്യക്തിക്ക് നിരവധി ജീവചരിത്രങ്ങൾ ആവശ്യമാണ്.

## ക്രിസ്തുവിന്റെ വികാസം

പ്രവൃത്തികളുടെ പുസ്തകം ഈ അത്ഭുതവാനായ വ്യക്തിയുടെ വികാസമാണ്. അത് സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ ശാഖയിടലാണ്. ഈ ക്രിസ്തു ഒരു വ്യക്തിയിൽനിന്നും ആയിരക്കണക്കിനു വ്യക്തികളായി വികാസം പ്രാപിച്ചിരിക്കുന്നു. അവൻ ഒരിക്കൽ വ്യക്തിയായ ക്രിസ്തു ആയിരുന്നു, എന്നാൽ പ്രവൃത്തികളുടെ പുസ്തകത്തിൽ അവൻ ഒരു സംഘാത ക്രിസ്തു ആയിത്തീർന്നിരിക്കുന്നു. പ്രവൃത്തികളെത്തുടർന്ന് നമുക്ക് ലേഖനങ്ങളുണ്ട്; അത് ഈ അത്ഭുതവാനും സാർവത്രികനും വലിയവനുമായ മനുഷ്യന്റെ ഒരു പൂർണ്ണ നിർവചനം നൽകുന്നു. ക്രിസ്തു തലയും, സഭ ശരീരവും ആകുന്നു: ഇതാണ് ക്രിസ്തുവും സഭയും എന്ന സാർവത്രിക മനുഷ്യൻ. അവസാനമായി, പുതിയനിയമത്തിന്റെ ഉപസംഹാരമെന്ന നിലയിൽ നമുക്ക് വെളിപ്പാട് പുസ്തകമുണ്ട്. ഈ പുസ്തകം പുതിയ യെരൂശലേമായിത്തീരുന്നതിന് വ്യക്തിയായ ക്രിസ്തു തന്റെ സകല അവയവങ്ങളുമായി സംയോജിക്കപ്പെട്ട ശരീര-ക്രിസ്തുവിന്റെ ഒരു സമ്പൂർണ്ണ ചിത്രം നമുക്കു നൽകുന്നു.

## നാലു സുവിശേഷങ്ങളുടെ ക്രമം

നമുക്ക് നാലു സുവിശേഷങ്ങളിലേക്കു മടങ്ങിവരാം. ഞാനാണ് നാലു സുവിശേഷങ്ങൾ ക്രമീകരിക്കേണ്ടിയിരുന്നതെങ്കിൽ, യോഹന്നാന്റെ സുവിശേഷം ഞാൻ ആദ്യം വയ്ക്കുമായിരുന്നു. വേദപുസ്തകം വായിക്കുമ്പോൾ, അനേകം ക്രിസ്ത്യാനികൾ യോഹന്നാന്റെ സുവിശേഷത്തിൽനിന്നു തുടങ്ങുകയും, പിന്നീട് ലൂക്കൊസും, മർക്കൊസും, മത്തായിയും വായിക്കുകയും ചെയ്യുന്നു. മാനുഷിക ധാരണ ദിവ്യധാരണയുടെ നേർ വിപരീതമാണ്. ദിവ്യധാരണ മത്തായിയിൽനിന്നു തുടങ്ങുകയും യോഹന്നാനിലൂടെ മുന്നോട്ടു പോകുകയും ചെയ്യുന്നു; മാനുഷിക ചിന്ത യോഹന്നാനിൽനിന്നു തുടങ്ങുകയും മത്തായിയിലേക്കു തിരികെപ്പോകുകയും ചെയ്യുന്നു. യോഹന്നാന്റെ സുവിശേഷം വളരെ മനോഹരമായതുകൊണ്ട് നമ്മിൽ അനേകരും

പുതിയനിയമം യോഹന്നാനിൽനിന്നു വായിച്ചു തുടങ്ങുന്നു. ഇത് ജീവന്റെ ഒരു പുസ്തകമാണ്. യോഹന്നാനുശേഷം നാം ലൂക്കൊസ് വായിക്കും, കാരണം ലൂക്കൊസ് രക്ഷകന്റെ പുസ്തകമാണ്, അത് രക്ഷയുടെ നിരവധി സംഭവങ്ങൾ പറയുന്നു. പിന്നീട് തീർച്ചയായും നാം മർക്കൊസിലേക്കു വരും, കാരണം മർക്കൊസ് ഹ്രസ്വവും ലളിതവുമാണ്. ആളുകൾ മത്തായി അവസാനം വായിക്കുന്നു, കാരണം മത്തായി വളരെ പ്രയാസവും, വളരെ മാർമികവുമാണ്. ഒന്നാമത്തെ അധ്യായം മാത്രമല്ല മനസ്സിലാക്കുവാൻ പ്രയാസമുള്ളത്; പതിമൂന്നാം അധ്യായത്തിലെ ഉപമകളും, ഇരുപത്തിനാലും ഇരുപത്തഞ്ചും അധ്യായങ്ങളിലെ പ്രവചനങ്ങളും പ്രയാസമാണ്. അഞ്ചും, ആറും, ഏഴും അധ്യായങ്ങളിലെ ഗിരിപ്രഭാഷണം പ്രത്യേകിച്ചും പ്രയാസകരമാണ്. ആർക്കും അത് അനുഷ്ഠിക്കുവാൻ കഴിയുകയില്ല! നിങ്ങൾ എന്റെ വലത്തെ കവിളിൽ അടിച്ചാൽ ഞാൻ നിങ്ങൾക്ക് ഇടത്തെ കവിൾ തിരിച്ചുകാണിക്കുന്നു. ഒരു മൈൽ നടക്കുവാൻ നിങ്ങൾ എന്നെ നിർബന്ധിക്കുമ്പോൾ ഞാൻ രണ്ടു മൈൽ നടക്കുന്നു. നിങ്ങൾ എന്റെ പുറം വസ്ത്രം എടുക്കുമ്പോൾ ഞാൻ അകത്തെ വസ്ത്രവും നിങ്ങൾക്കു തരുന്നു. ഇതു വളരെക്കൂടുതലാണ്! യേശുവിനു മാത്രമേ ഇതു ചെയ്യുവാൻ കഴിയുകയുള്ളൂ! അങ്ങനെ അനേകർ മത്തായിയെ അവസാനം വയ്ക്കുന്നു. യോഹന്നാൻ പ്രിയപ്പെട്ടതും വിലയേറിയതും ആണ്. യോഹന്നാനിൽ യേശു സകലവുമാണ്, നാം യാതൊന്നും ചെയ്യേണ്ട ആവശ്യമില്ല. തന്മൂലം നാം മത്തായിയുടെ സുവിശേഷം ഇഷ്ടപ്പെടാതെ, യോഹന്നാന്റെ സുവിശേഷം ഇഷ്ടപ്പെടുന്നു. നാം ഇത് വാക്കുകളായി പറയില്ലെങ്കിലും, ഇങ്ങനെയുള്ള ഒരു അനുഭൂതി നമ്മുടെ ഹൃദയത്തിൽ നമുക്കുണ്ട്. എന്നിരുന്നാലും, ദിവ്യ ക്രമമാണ് ഏറ്റവും നല്ലത്. ദൈവം മത്തായിയെ ആദ്യം വച്ചു.

## പൊതുവായ രേഖാചിത്രം

വേദപുസ്തകത്തിലെ ഓരോ പുസ്തകത്തെയും സബന്ധിച്ച് നമുക്ക് പൊതുവായ ഒരു രേഖാചിത്രം ആവശ്യമാണ്. മത്തായിയുടെ രേഖാചിത്രം ഇതാണ്:

> തന്റെ മരണ പുനരുത്ഥാനങ്ങളിലൂടെ (മത്സരത്തിന്റെ) പാപത്തിൽനിന്നും തന്റെ ജനത്തെ രക്ഷിച്ച് സ്വർഗരാജ്യം (സ്വർഗീയ ഭരണം) സ്ഥാപിക്കുവാൻ രാജ-രക്ഷകനായിരിക്കുവാൻ വന്നവനായ ജഡാവതാരം ചെയ്ത യഹോവയായ ദൈവമാണ് ക്രിസ്തു.

## കേന്ദ്രീയ ചിന്ത

വേദപുസ്തകത്തിലെ ഓരോ പുസ്തകത്തിന്റെ കേന്ദ്രീയ ചിന്തയും നാം കണ്ടുപിടിക്കണം. മത്തായിയുടെ കേന്ദ്രീയ ചിന്ത ഇതാണ്:

യേശുവും (രക്ഷകനായ യഹോവ) ഇമ്മാനൂവേലും (ദൈവം നമ്മോടുകൂടെ) എന്ന നിലയിൽ ക്രിസ്തു രാജാവും, സ്ഥാപകനും, വെളിച്ചവും, ഉപദേഷ്ടാവും, സൗഖ്യമാക്കുന്നവനും, ക്ഷമിക്കുന്നവനും, മണവാളനും, ഇടയനും, സ്നേഹിതനും, ജ്ഞാനവും, വിശ്രമവും, ആലയത്തെക്കാൾ വലുതും, യഥാർഥ ദാവീദും, ശബ്ബത്തിന്റെ കർത്താവും, യോനായെക്കാൾ വലിയവനും ശലോമോനെക്കാൾ വലിയവനും, വിതയ്ക്കുന്നവനും, വിത്തും, പരിപോഷകനും, അപ്പവും, മേശയ്ക്കടിയിലെ അപ്പ നുറുക്കുകളും, ക്രിസ്തുവും, ജീവനുള്ള ദൈവത്തിന്റെ പുത്രനും, സഭയ്ക്കുവേണ്ടിയുള്ള പാറയും, സഭ പണിയുന്നവനും, രാജ്യത്തിന്റെ സ്ഥാപകനും, ഇപ്പോഴത്തെ മോശെയും, ഇപ്പോഴത്തെ ഏലീയാവും, മൂലയുടെ തലയും, കർത്താവും, പുനരുത്ഥാനം ചെയ്യുവനും, അധികാരമുള്ളവനും, പുനരുത്ഥാനത്തിൽ തന്റെ ജനത്തിന് എന്നേക്കും സന്നിഹിതനായവനും ആകുന്നു.

മത്തായിയുടെ പുസ്തകത്തിൽ ക്രിസ്തു എത്ര സമ്പന്നനാണ്, യോഹന്നാനിലുള്ളതിനെക്കാളും സമ്പന്നനാണ്. യേശുവും ഇമ്മാനൂവേലും എന്ന നിലയിൽ അവൻ നമുക്ക് വേറെ മുപ്പത്തിമൂന്ന് കാര്യങ്ങൾ ആണ്. നാം അവനെ ആസ്വദിക്കുകയും അവനിൽ പങ്കുകൊള്ളുകയും വേണം. ഈ എല്ലാ വശങ്ങളിലും നാം അവനെ, സ്വാഭാവിക സ്ഥിതിയിലല്ല, പുനരുത്ഥാനത്തിൽ അനുഭവിക്കേണ്ടത് ആവശ്യമാണ്. അവൻ എന്നേക്കും സന്നി ഹിതനായിരിക്കുന്നവനാണ്. "ദൈവം നമ്മോടുകൂടെ" എന്നു പറഞ്ഞുകൊണ്ട് മത്തായി ആരംഭിക്കുകയും, "ഇതാ, ഞാൻ യുഗത്തിന്റെ പരിണതിയോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട്" എന്നു പറഞ്ഞുകൊണ്ട് അവസാനിക്കുകയും ചെയ്യുന്നു. ഇത് എത്ര മനോഹരമാണ്!

## രാജാവിന്റെ പൂർവികരും പദവിയും

### I. അവന്റെ വംശാവലി

നാലു സുവിശേഷങ്ങളിൽ രണ്ടെണ്ണത്തിനു മാത്രമേ, മത്തായിക്കും ലൂക്കൊസിനും മാത്രമേ, വംശാവലികളുള്ളൂ. യേശു രാജകീയ കുടുംബത്തിലെ ശരിയായ പിൻതലമുറക്കാരനാണെന്നും, അവൻ രാജകീയ സിംഹാസനത്തിന്റെ നിയമാനുസൃതമായ അവകാശിയാണെന്നും മത്തായി നമ്മോടു പറയുന്നു. ഇങ്ങനെയുള്ള ഒരു വ്യക്തിക്ക് തീർച്ചയായും തന്റെ ഉത്ഭവത്തെയും പിൻതുടർച്ചയെയും കുറിച്ചു പറയുന്ന ഒരു വംശാവലി ആവശ്യമുണ്ട്. ഒരു ശരിയായ, സാധാരണ മനുഷ്യനായി ലൂക്കൊസ് യേശുവിനെ അവതരിപ്പിക്കുന്നു. യേശുവിനെ ശരിയായ ഒരു മനുഷ്യനായി

കാണിക്കേണ്ടതിനും ഒരു വംശാവലി വേണം. മർക്കൊസിൽ യേശുവിനെ ഒരു അടിമയായി, അടിമത്വത്തിലേക്കു വിൽക്കപ്പെട്ടവനായി, ചിത്രീകരിച്ചിരിക്കുന്നു. ഒരു അടിമയ്ക്ക് ഒരു വംശാവലിയുടെ ആവശ്യമില്ല; അതിനാൽ മർക്കൊസ് അത് ഉൾപ്പെടുത്തുന്നില്ല. യേശു ദൈവമാണെന്ന് യോഹന്നാൻ പറയുന്നു. "ആദിയിൽ വചനം ഉണ്ടായിരുന്നു....വചനം ദൈവം ആയിരുന്നു." അവന് ആരംഭമോ പിൻതുടർച്ചയോ ഇല്ല. അവൻ ജീവന്റെ ആരംഭമോ ജീവന്റെ അവസാനമോ ഇല്ലാത്ത നിത്യനാണ് (എബ്രാ. 7:3). ആദിയിൽ ദൈവം ഉണ്ടായിരുന്നു! അവന്റെ വംശാവലിയെക്കുറിച്ച് യോഹന്നാൻ പറയുന്നെങ്കിൽ അതു വിഡ്ഢിത്തമായിരിക്കും.

മറ്റാരുടെയെങ്കിലും കാര്യമാണെങ്കിൽ, അവൻ ആരായിരുന്നാലും, അവനെക്കുറിച്ച് ജനം എത്ര ജീവചരിത്രങ്ങൾ എഴുതിയാലും, വംശാവലി ഒന്നുപോലെ തന്നെയായിരിക്കും. എന്നാൽ യേശുവിന് രണ്ട് വംശാവലികളുണ്ട്. ഈ രണ്ടു വംശാവലികൾ ആത്യന്തികമായി എങ്ങനെ ഒന്നായിത്തീരുന്നുവെന്ന് പിന്നീട് നാം കാണും. അവൻ അത്ഭുതവാനാണെന്ന് ഒരിക്കൽക്കൂടി നാം കാണുന്നു. എല്ലാ വശത്തിലും അവൻ വളരെ അത്ഭുതവാനാണ്.

## A. ക്രിസ്തുവിന്റെ തലമുറ

ഇനി നാം മത്തായിയുടെ സുവിശേഷത്തിലെ യേശുവിന്റെ വംശാവലിയിലേക്കു വരുന്നു. യേശു ആരാണെന്ന് നാം മനസ്സിലാക്കേണ്ടതാവശ്യമാണ്. ആരാണ് യേശു? അവൻ ദൈവപുത്രനാണെന്ന് നാം പറയുമായിരിക്കും, എന്നാൽ ഈ വംശാവലിക്ക് അങ്ങനെ ഒരു പദപ്രയോഗം ഇല്ല. മറിച്ച്, അത് അവനെ ദാവീദിന്റെ പുത്രനെന്നും അബ്രാഹാമിന്റെ പുത്രനെന്നും വിളിക്കുന്നു. യേശു ഇത്രമാത്രം അത്ഭുതവാനായതുകൊണ്ട്, അവൻ ആരാണെന്നു പറയുന്നത് പ്രയാസമാണ്.

യേശു മനുഷ്യനുമായുള്ള ദൈവത്തിന്റെ ഇഴുകിച്ചേരൽ, മനുഷ്യത്വവുമായുള്ള ദിവ്യത്വത്തിന്റെ ഇഴുകിച്ചേരൽ ആണ്. ഇതാണ് യേശുവിന്റെ തലമുറ. യേശുവിന്റെ തലമുറ അർഥമാക്കുന്നത് അവൻ ഇഴുകിച്ചേരൽ, അത്ഭുതകരമായ ഇഴുകിച്ചേരൽ ആകുന്നു എന്നാണ്. ഈ തലമുറയിൽ നമുക്ക് നിരവധി മനുഷ്യ ആളത്തവുമായുള്ള, എല്ലാതരം ജനവുമായുള്ള ദിവ്യ ആളത്തത്തിന്റെ ഇഴുകിച്ചേരൽ ഉണ്ട്. മത്തായി 1:1-17 പേരുകളുടെ ഒരു പട്ടിക മാത്രമാണെന്ന് നാം ഇനിമേൽ ചിന്തിക്കരുത്.

ക്രിസ്തുവിന്റെ തലമുറയിൽ സംരിചക്കപ്പെടുന്നത്:

### *1. പിതാക്കന്മാർ*

**ഇത് പൂർവപിതാക്കന്മാർ, ശ്രേഷ്ഠന്മാരായ വ്യക്തികൾ ആണ്. അവർ എല്ലാവരുംചേർന്ന് പതിന്നാല് തലമുറകളുണ്ട് (1:2-6a).**

## 2. രാജാക്കന്മാർ

ഇവർ രാജപദവിയുള്ള രാജാക്കന്മാരാണ്, ഇവരെല്ലാം ചേർന്ന് പതിന്നാല് തലമുറകളുണ്ട് (1:6b-10).

## 3. സാധാരണ പൗരന്മാർ (ബദ്ധരാക്കപ്പെട്ടവരും പ്രത്യുദ്ധരിക്കപ്പെട്ടവരും)

ക്രിസ്തുവിന്റെ തലമുറയിൽ ഉന്നത പദവികളിലുള്ള ജനം മാത്രമല്ല ഉള്ളത്, മറിയയും യോസേഫും പോലെയുള്ള അപ്രധാനികളായ സാധാരണ പൗരന്മാരും ഉൾപ്പെടുന്നു. പാവപ്പെട്ട ആളുകളെ, ചെറിയ ആളുകളെ ക്രിസ്തുവിന്റെ തലമുറയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തുവിനെ പൂർവ പിതാക്കന്മാരുടെയും രാജാക്കന്മാരുടെയും ശ്രേണിയിൽ മാത്രമല്ല, ഒരു കൂട്ടം സാധാരണ പൗരന്മാരുടെ ശ്രേണിയിലും എണ്ണപ്പെട്ടിരുന്നു. അവൻ രാജകീയരായ വലിയവർക്കുവേണ്ടി മാത്രമുള്ളവനായിരുന്നില്ല, പിന്നെയോ ചെറിയവർക്കു വേണ്ടിയുള്ളവനുമായിരുന്നു. ക്രുസ്തുവിന്റെ തലമുറയുടെ ഈ ചിത്രത്തിൽനിന്നും എല്ലാ തരത്തിലുമുള്ള ആളുകൾ അതിൽ ഉൾപ്പെട്ടിരിക്കുന്നുവെന്ന് നമുക്ക് കാണുവാൻ കഴിയും.

ഈ തലമുറയിൽ അബ്രാഹാമിനെപ്പോലെ വിളിക്കപ്പെട്ടവരും, അടിമത്തത്തിലേക്ക് കൊണ്ടുപോകപ്പെട്ടവരും ഉൾപ്പെടുന്നു. ഈ ഹ്രസ്വമായ രേഖയിൽ "നാടുകടത്തൽ" എന്ന പദവും നമുക്കുണ്ട് (വാ. 17). അബ്രാഹാം ബാബിലോണിന്റെ ഉത്ഭവമായ ബാബേലിൽനിന്നും വിളിക്കപ്പെട്ടിരുന്നു. ക്രിസ്തുവിന്റെ തലമുറയിൽ വിളിക്കപ്പെട്ടവർ മാത്രമല്ല, പിൻമാറ്റക്കാരും ഉൾപ്പെടുന്നു. ഒരുപക്ഷേ അഞ്ചു വർഷങ്ങൾക്കുമുമ്പ് നിങ്ങൾ വിളിക്കപ്പെട്ടവനായിരുന്നു, എന്നാൽ ഇന്ന് നിങ്ങൾ ഒരു പിൻമാറ്റക്കാരനാണ്. നിരാശപ്പെടേണ്ട. ക്രിസ്തുവിന്റെ തലമുറയിൽ നിങ്ങളും ഉൾപ്പെടുന്നു. ഈ തലമുറയിൽ സിംഹാസനത്തിൽനിന്നു നീക്കിക്കളയപ്പെട്ടവനും ഒരു ബദ്ധനായി ബാബിലോണിലേക്കു പിടിച്ചുകൊണ്ടുപോകപ്പെട്ടവനുമായ യെഖൊന്യാവ് ഉൾപ്പെടുന്നു. നിങ്ങൾ എപ്പോഴെങ്കിലും സിംഹാസനത്തിൽനിന്നു നീക്കിക്കളയപ്പെട്ടിട്ടുണ്ടോ? ഇല്ലെന്നു ചിന്തിക്കരുത്. നിങ്ങളുടെ ക്രിസ്തീയ ജീവിതത്തിൽ നിങ്ങളെ ചിലപ്പോൾ സിംഹാസനത്തിൽനിന്നു നീക്കിക്കളഞ്ഞിട്ടുണ്ട്. ഒരിക്കൽ നിങ്ങളൊരു രാജാവായിരുന്നു, എന്നാൽ നിങ്ങളുടെ രാജപദവി നിങ്ങൾ നഷ്ടപ്പെടുത്തുകയും ഒരു പിൻമാറ്റക്കാരനായിത്തീരുകയും ചെയ്തു. നമ്മുടെ പൂർവപിതാവായ അബ്രാഹാം ബാബിലോണിൽനിന്നും വന്നു; എങ്കിലും നിങ്ങൾ മടങ്ങിപ്പോയി, മനസ്സോടെയല്ല, നിങ്ങളെ എടുത്തുകൊണ്ടുപോയി. ക്രിസ്തുവിന്റെ തലമുറയിൽ വീണുപോയവരെയും ഉൾപ്പെടുത്തിയിരിക്കുന്നതിനായി കർത്താവിനെ സ്തുതിക്കുന്നു!

അടിമത്തത്തിനുശേഷം പ്രത്യുദ്ധാരമുണ്ടായിരുന്നു. തന്മൂലം, നമുക്ക് മറ്റൊരു പേർ, പ്രത്യുദ്ധാരത്തിന്റെ പേരായ സെരുബ്ബാബേൽ ഉണ്ട്. നിരവധി ബന്ധുന്മാർ സെരുബ്ബാബേലിനോടുകൂടെ മടങ്ങിവന്നു. ക്രിസ്തുവിന്റെ തലമുറയിൽ എല്ലാ തരം ആളുകളും, നല്ലവരും, മോശമായവരും, വിളിക്കപ്പെട്ടവരും, വീണുപോയവരും, പ്രത്യുദ്ധരിക്കപ്പെട്ടവരും ഉൾപ്പെടുന്നു. നിങ്ങൾ ഏതു തരത്തിലുള്ള വനാണെന്ന് ഞാൻ നിങ്ങളോട് ചോദിക്കുന്നുവെങ്കിൽ, ആദ്യമായി നിങ്ങളൊരു വിളിക്കപ്പെട്ടവനും, പിന്നീട് വീണുപോയവനും, അവസാനം പ്രത്യുദ്ധരിക്കപ്പെട്ടവനും ആയിരുന്നെന്ന് നിങ്ങൾ പറഞ്ഞേക്കാം. നിങ്ങൾ ഒരു അബ്രാഹാമായിരുന്നു, ഒരു യെഖൊന്യാവായിത്തീർന്നു, എന്നാൽ ഇന്ന് ഒരു സെരുബ്ബാബേൽ ആണ്. നാം എല്ലാവരും സെരുബ്ബാബേലുമാരാണ്. നാം വിളിക്കപ്പെട്ടവരും, വീണുപോയവരും, പ്രത്യുദ്ധരിക്കപ്പെട്ടവരും ആണ്.

Mon

### 4. പുനർവിവാഹം കഴിച്ച നാലു സ്ത്രീകൾ

യെഹൂദ ആചാരമനുസരിച്ച് ഒരു വംശാവലിയുടെ എഴുത്തുകാരൻ ഒരിക്കലും ഒരു സ്ത്രീയുടെ പേര് ചേർക്കുകയില്ല: അവൻ പുരുഷന്മാരുടെ പേരുകൾ മാത്രമേ ഉൾപ്പെടുത്തുകയുള്ളൂ. എന്നാൽ ഈ ഹ്രസ്വമായ വംശാവലിയിൽ അഞ്ചു സ്ത്രീകളെ പരാമർശിച്ചിരിക്കുന്നു. ഈ അഞ്ചു സ്ത്രീകൾ എന്റെ കൈയുടെ വിരലുകൾ പോലെയാണ്: നാലുപേർ ചേരുന്ന ഒരു കൂട്ടവും ഒരാൾ തനിയെ നിൽക്കുകയും ചെയ്യുന്നു. ഈ അഞ്ചു സ്ത്രീകളിൽ നാലുപേർ പുനർവിവാഹം കഴിച്ചു, നാലുപേരിൽ ഒരുവൾ ഒരു വേശ്യ ആയിരുന്നു. സാറാ, റിബെക്കാ എന്നീ നല്ലവരെ ദിവ്യരേഖയിൽ പ്രസ്താവിക്കാതെ മോശമായവരെ പറഞ്ഞിരിക്കുന്നു എന്നു തോന്നുന്നു. ദിവ്യരേഖ ശ്രദ്ധിക്കുക: "ദാവീദ് ഊരിയാവിന്റെ ഭാര്യയായിരുന്നവളിൽ ശലോമോനെ ജനിപ്പിച്ചു" (1:6). ഈ രേഖ അവളുടെ പേരുപോലും നൽകുന്നില്ല; അവൾ എന്തുതരം വ്യക്തിയായിരുന്നു എന്ന് നമ്മെ ഓർമ്മിപ്പിക്കുന്നതിനായി അവളുടെ ചരിത്രത്തെ മാത്രമേ അത് നൽകുന്നുള്ളൂ.

താമാറിന്റെ ചരിത്രം നിങ്ങൾക്കറിയാമോ? അവൾ യെഹൂദായുടെ മരുമകളായിരുന്നു. യെഹൂദാ തന്റെ മരുമകളിൽ ഇരട്ടകളെ ജനിപ്പിച്ചു (ഉല്പ. 38.24-30). എത്ര ഭയാനകം! രണ്ടാമത്തെ സ്ത്രീയുടെ പേര് യെരീഹോവിലെ വേശ്യയായ രഹാബും, മൂന്നാമത്തവൾ ഒരു മോവാബ്യ സ്ത്രീയായ രൂത്തും ആണ്. മോവാബ്യരെ പത്താം തലമുറ വരെ യഹോവയുടെ സഭയിൽ പ്രവേശിക്കുവാൻ അനുവദിച്ചിരുന്നില്ല (ആവ. 23:3). ലോത്തിന്റെ പുത്രിയിൽ അവനു ജനിച്ച മോവാബിന്റെ പിൻതലമുറക്കാരായിരുന്നു മോവാബ്യർ. നാലാമത്തെ സ്ത്രീ ദാവീദ് കൊന്നുകളഞ്ഞ കനാന്യനായ ഊരിയാവിന്റെ ഭാര്യ ബത്ത്ശേബ ആയിരുന്നു.

തന്റെ ഭാര്യയായിരിക്കുവാൻ ദാവീദ് അവളെ എടുക്കുകയും അവളിൽ ശലോമോനെ ജനിപ്പിക്കുകയും ചെയ്തു.

എന്തുകൊണ്ടാണ് ഈ സ്ത്രീകളെ ഈ ഹ്രസ്വമായ രേഖയിൽ പരാമർശിച്ചിരിക്കുന്നത്? അത് അവർ നമ്മുടെ പ്രതിനിധികളായതുകൊണ്ടാണ്. നിങ്ങൾ വളരെ നിർമ്മലനാണെന്ന്, ഈ സ്ത്രീകളെക്കാൾ നിർമ്മലനാണെന്ന്, ചിന്തിക്കരുത്. നിങ്ങളുടെതന്നെ ഉത്ഭവം പിൻതുടർന്നു കണ്ടെത്തുക. നിങ്ങൾ അതു ചെയ്യുന്നുവെങ്കിൽ, എന്തു രീതിയിലും ആരിൽനിന്നും നിങ്ങളുടെ മുത്തച്ഛൻ ജനിച്ചുവെന്നും, എന്തു രീതിയിലും ആരിൽനിന്നും നിങ്ങളുടെ അപ്പൻ ജനിച്ചുവെന്നും, എന്തു രീതിയിലും ആരിൽനിന്നും നിങ്ങൾ ജനിച്ചുവെന്നും നിങ്ങൾ കണ്ടെത്തും. നാം മോശമായവരാണ്. എന്നാൽ അതിലും മോശമായവരെ ക്രിസ്തുവിന്റെ തലമുറയിൽ ഉൾപ്പെടുത്തിയിരിക്കുന്നു! കർത്താവിന് സ്തുതി! അവൻ സത്യമായും പാപികളുടെ രക്ഷകനാണ്.

നാല് എന്ന സംഖ്യ മുഴുവൻ മാനവജാതി ഉൾപ്പെടെയുള്ള സകല സൃഷ്ടിയെയും സൂചിപ്പിക്കുന്നു. മാനവജാതി വൃത്തികെട്ടതാണ്; ആരും വെടിപ്പുള്ളവരല്ല. എന്നാൽ കർത്താവിന് നന്ദി, നാം എല്ലാവരും ക്രിസ്തുവുമായി ബന്ധപ്പെട്ടവരാണ്. നാം ക്രിസ്തുവിന്റെ തലമുറയുടെ ഭാഗമാണ്.

വേദപുസ്തകത്തിൽ ക്രിസ്തുവിന്റെ ജീവചരിത്രങ്ങൾ ഇല്ലാതിരിക്കുകയും, നാമായിരുന്നു അവന്റെ ജീവചരിത്രം എഴുതേണ്ടിയും ഇരുന്നെങ്കിൽ, ഈ രീതിയിൽ എഴുതുവാൻ നാം ധൈര്യപ്പെടുകയില്ലായിരുന്നു. അശുദ്ധരായ ഈ എല്ലാ മുത്തശ്ശിമാരെയും നാം മറച്ചുവയ്ക്കുകയും സാറയെയും റിബെക്കായെയും പോലെയുള്ള നല്ല മുത്തശ്ശിമാരുടെ പേരുകൾ നൽകുകയും ചെയ്യുമായിരുന്നു. എന്നാൽ പരിശുദ്ധാത്മാവ് സാറയെയും റിബെക്കായെയും, നല്ലവരായ ആരെയും പരാമർശിച്ചില്ല; അവൻ മനഃപൂർവ്വമായി ഈ അശുദ്ധരായവരെ ഉൾപ്പെടുത്തി. ഈ ദിവ്യരേഖയിൽ അശുദ്ധരായവരുടെ പേരുകളില്ലാതെ നല്ല സ്ത്രീകളുടെ പേരുകൾ രേഖപ്പെടുത്തിയിരുന്നുവെങ്കിൽ, സഭയുടെ ഇപ്പോഴത്തെ സാഹചര്യത്തെക്കുറിച്ച് ഞാൻ സംശയിത്തിലാകുമായിരുന്നു. ഞാൻ പറയും, "സഭയിലെ ഇപ്പോഴത്തെ സാഹചര്യം നോക്കുക. വളരെ നിർമ്മലരായ അധികം ആരുമില്ല." നിങ്ങൾ വളരെ നിർമ്മലനാണെന്ന്, ശുദ്ധിയുള്ളവനാണെന്ന് ചിന്തിക്കരുത്. നാം നിർമ്മലരല്ല. എന്നിരുന്നാലും, ക്രിസ്തുവിന്റെ തലമുറയിൽ നല്ലവരും മോശമായവരും ഉൾപ്പെടുന്നു. വാസ്തവത്തിൽ അതിൽ, നല്ലവരെക്കാൾ കൂടുതൽ മോശമായവർ ഉൾപ്പെടുന്നു.

### *5. ഒരു കന്യക*

പുനർവിവാഹം കഴിച്ച നാലു സ്ത്രീകൾക്കു പുറമെ, യേശുവിന്റെ അമ്മയായ മറിയ എന്ന ഒരു കന്യക മുന്തിനിൽക്കുന്നു. മറിയ നല്ലവളും, നിർമ്മലയും, ശുദ്ധിയുള്ളവളുമാണ്. യേശു ഒഴികെ തലമുറയുടെ ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാവരും ഒരു പാപിയാണെന്ന് ഇത് ചൂണ്ടിക്കാണിക്കുന്നു. യേശു ഒഴികെ എല്ലാവരും അശുദ്ധരാണ്.

## B. ദാവീദിന്റെ പുത്രൻ

ക്രിസ്തു ദാവീദിന്റെ പുത്രനാണ് (മത്താ. 22:42, 45; വെളി. 22:16). ദാവീദിന്റെ മകനായ ശലോമോൻ മൂന്നു മുഖ്യ വശങ്ങളിൽ ക്രിസ്തുവിന്റെ ഒരു മുൻകുറിയായിരുന്നു. ഒന്നാമത്, രാജ്യം അവകാശമാക്കുന്നതിൽ അവൻ ക്രിസ്തുവിന്റെ ഒരു മുൻകുറിയായിരുന്നു (2 ശമൂ. 7:12,13; യിരെ. 23:5; ലൂക്കൊ. 1:32-33). രണ്ടാമത്, ശലോമോന് ജ്ഞാനം ഉണ്ടായിരിക്കുകയും ജ്ഞാനത്തിന്റെ വാക്ക് സംസാരിക്കുകയും ചെയ്തു. ക്രിസ്തുവിനും ജ്ഞാനം ഉണ്ടായിരുന്നുവെന്നും ജ്ഞാനത്തിന്റെ വാക്ക് സംസാരിച്ചുവെന്നും മത്തായി 12-ൽ നാം കാണുന്നു. ഈ അധ്യായത്തിൽ താൻ ശലോമോനെക്കാൾ വലിയവനെന്ന് ക്രിസ്തു തന്നെക്കുറിച്ചുതന്നെ പരാമർശിച്ചു (വാ. 42). ശലോമോനെക്കാൾ വലിയവൻ ഉണ്ടായിരുന്നു, അവൻ ജ്ഞാനത്തിന്റെ വാക്കുകൾ സംസാരിച്ചു. യാതൊരു മനുഷ്യന്റെയും വാക്കുകൾ ക്രിസ്തുവിന്റെ വാക്കുകൾപോലെ ജ്ഞാനമുള്ളതല്ല. മൂന്നാമത്, ശലോമോൻ ദൈവാലയം പണിതു (2 ശമൂ. 7:13). ദാവീദിന്റെ പുത്രനെന്ന നിലയിൽ ക്രിസ്തു സഭയെന്ന ദൈവത്തിന്റെ ആലയം പണിയുന്നു.

## C. അബ്രാഹാമിന്റെ പുത്രൻ

ക്രിസ്തു അബ്രാഹാമിന്റെ പുത്രനും ആണ്. ക്രിസ്തു ദാവീദിന്റെ പുത്രനും അബ്രാഹാമിന്റെ പുത്രനും അല്ലാതെ, മറ്റാരുടെയും പുത്രനല്ലെന്ന് തലമുറയുടെ ഈ പുസ്തകം പറയുന്നു. പഴയനിയമത്തിൽ ക്രിസ്തു അബ്രാഹാമിന്റെ പുത്രനായിരിക്കുമെന്ന വ്യക്തമായ പ്രവചനമുണ്ടായിരുന്നു. യിസ്ഹാക് ക്രിസ്തുവിന്റെ ഒരു മുൻകുറിയായിരുന്നു. ക്രിസ്തുവിന്റെ ഒരു മുൻകുറിയെന്ന നിലയിൽ യിസ്ഹാക്കിനോടുള്ള ബന്ധത്തിലും മൂന്ന് മുഖ്യ വശങ്ങളുണ്ട്. ഒന്നാമത്, യിസ്ഹാക് സകല ജാതികൾക്കും, യെഹൂദന്മാർക്കും ജാതികൾക്കും, അനുഗ്രഹം കൊണ്ടുവന്നു (ഉല്പ. 22:18; ഗലാ. 3:16, 14). രണ്ടാമത്, അവൻ മരണത്തിനായി ദൈവത്തിന് അർപ്പിക്കപ്പെടുകയും ഉയിർപ്പിക്കപ്പെടുകയും ചെയ്തു (ഉല്പ. 22:1-2; എബ്രാ. 11:17, 19). മൂന്നാമത്, അവൻ ഒരു മണവാട്ടിയെ സ്വീകരിച്ചു (ഉല്പ. 24:67). ഇത്

വാഗ്ദത്തം ചെയ്യപ്പെട്ടവനെന്ന നിലയിൽ സകല ജാതികൾക്കും അനുഗ്രഹം കൊണ്ടുവന്നവനും, മരണത്തിന് അർപ്പിക്കപ്പെട്ടവനും, ഉയിർപ്പിക്കപ്പെട്ടവനും, പുനരുത്ഥാനത്തിനുശേഷം തന്റെ മണവാട്ടിയെ സ്വീകരിക്കുകയും ചെയ്യുന്നവനായ ക്രിസ്തുവിന്റെ ഒരു മുൻകുറിയാണ് (യോഹ. 3:29; വെളി. 19:7). ഒരു ദിവസം അബ്രാഹാമിന്റെ ദാസനാൽ മുൻകുറിക്കപ്പെട്ട പരിശുദ്ധാത്മാവ് ആത്മികവും, ദിവ്യവും, സ്വർഗീയവുമായ റിബെക്കായെ അവളുടെ സ്വർഗീയ യിസ്ഹാക്കിനു കൊണ്ടുവരും.

അബ്രാഹാമിന്റെ പുത്രൻ മണവാട്ടിയെ സ്വീകരിക്കുകയും, ദാവീദിന്റെ പുത്രൻ ആലയം പണിയുകയും ചെയ്യു. ക്രിസ്തുവിനെ സംബന്ധിച്ച് മണവാട്ടി ആലയവും, ആലയം മണവാട്ടിയും ആണ്. അതുകൊണ്ടാണ് ക്രിസ്തു അബ്രാഹാമിന്റെ പുത്രനാണെന്നും ദാവീദിന്റെ പുത്രനാണെന്നും പറയുന്നത്. അവൻ മരണത്തിനായി തന്നെത്താൻ അർപ്പിക്കുകയും ഉയിർപ്പിക്കപ്പെടുകയും ചെയ്യു; ഇപ്പോൾ അവൻ ദൈവത്തിന്റെ ആലയം പണിതുകൊണ്ടിരിക്കുന്നു; ഭാവിയിൽ അവൻ മണവാട്ടിയെ സ്വീകരിക്കും. ക്രിസ്തു ജ്ഞാനം സംസാരിക്കുകയും, ദൈവത്തിന്റെ അനുഗ്രഹം സകല ജാതികൾക്കും കൊണ്ടുവരുകയും ചെയ്യു. അവനാണ് ഈ സകല കാര്യങ്ങളും നിവർത്തിക്കുന്നവൻ. നാലു സുവിശേഷങ്ങളിൽ ഈ ആറു വശങ്ങൾ ഓരോന്നും നമുക്ക് കാണുവാൻ കഴിയും. രാജ്യം അവകാശമാക്കുവാൻ ക്രിസ്തു വന്നുവെന്നും, അവൻ മരണത്തിനായി തന്നെത്താൻ അർപ്പിക്കുകയും ഉയിർപ്പിക്കപ്പെടുകയും ചെയ്യുവെന്നും, അവൻ ജ്ഞാനത്തിന്റെ വാക്ക് സംസാരിച്ചുവെന്നും, അവൻ സകല ജാതികൾക്കും അനുഗ്രഹം കൊണ്ടുവന്നുവെന്നും, അവൻ ദൈവത്തിന്റെ ഭവനം പണിതുകൊണ്ടിരിക്കുന്നുവെന്നും, മണവാട്ടിയെ സ്വീകരിക്കുവാൻ അവൻ വരുമെന്നും സുവിശേഷങ്ങൾ വെളിപ്പെടുത്തുന്നു. ക്രിസ്തു തീർച്ചയായും യഥാർഥ യിസ്ഹാക്കും യഥാർഥ ശലോമോനും ആണ്.

ദാവീദിന്റെ പുത്രനെന്ന നിലയിൽ യേശു യെഹൂദന്മാർക്ക് ഒരു വലിയ അനുഗ്രഹമായിരുന്നു. എന്നാൽ അബ്രാഹാമിന്റെ പുത്രനെന്ന നിലയിൽ അവൻ സകല ജാതികൾക്കും അനുഗ്രഹം കൊണ്ടുവരുന്നു. ദാവീദിന്റെ പുത്രനെന്ന നിലയിൽ അവൻ യെഹൂദന്മാർക്കു വേണ്ടിയുള്ളവനായിരുന്നു; അബ്രാഹാമിന്റെ പുത്രനെന്ന നിലയിൽ അവൻ നമുക്കെല്ലാവർക്കും വേണ്ടിയുള്ളവനാണ്. യേശു ദാവീദിന്റെ പുത്രൻ മാത്രമായിരുന്നുവെങ്കിൽ, ഞാനുമായി അവന് യാതൊരു കാര്യവും ഉണ്ടാകുമായിരുന്നില്ല. അവൻ അബ്രാഹാമിന്റെ പുത്രനും ആയതിനാൽ കർത്താവിനെ സ്തുതിക്കുന്നു! സകല ജാതികളും അബ്രാഹാമിന്റെ സന്തതിയായ ക്രിസ്തുവിൽ അനുഗ്രഹിക്കപ്പെടുന്നു. ഈ അനുഗ്രഹം ത്രിയേകദൈവത്തിലുള്ള പങ്കുകൊള്ളലാണ്. ദൈവം

അബ്രാഹാമിനു നൽകിയ വാഗ്ദത്തം ആത്മാവായിരുന്നു (ഗലാ. 3:14); ആത്മാവെന്നത് ത്രിയേകദൈവത്തിന്റെ ആത്യന്തിക സാക്ഷാൽക്കാരമാണ്. അബ്രാഹാമിന്റെ പുത്രനായ ക്രിസ്തുവിനാൽ നമുക്ക് ആത്മാവുണ്ടായിരിക്കുകയും, നാം ത്രിയേകദൈവത്തിൽ പങ്കുകൊള്ളുകയും ചെയ്യുന്നു. ഹല്ലേലൂയ്യാ!